## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **48**

**19.03.2013**- ലെ മറുപടിക്ക്

## സഹകരണസംഘങ്ങൾക്ക് സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻസ്

**ചോദ്യം**

ശ്രീ. ഇ.പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ:
ശ്രീ. എം. ഹംസ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) സഹകരണസംഘങ്ങൾക്ക് സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻസ് ആരംഭിക്കുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകൾ എന്തെല്ലാമാണ്; ഇത്തരമൊരു വ്യവസ്ഥ കൊണ്ടുവന്നതിലൂടെ സർക്കാർ ഉദ്ദേശിക്കുന്ന ലക്ഷ്യം വിശദമാക്കാമോ;

എ) 2013-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമത്തിൽ, അംഗങ്ങളുടെ സാമ്പത്തിക ക്ഷേമത്തിനായി സഹകരണ സംഘങ്ങളുടെ ലക്ഷ്യനിർവ്വഹണത്തിനായി സബ്സിഡിയറി സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് 1969-ലെ കേരള സഹകരണ നിയമത്തിൽ വകുപ്പ് 14 എ (കൂട്ടിചേർത്തത്) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ടി വ്യവസ്ഥയനുസരിച്ച്, ഒരു സഹകരണ സംഘത്തിന് രജിസ്ട്രാരുടെ മുൻ അനുമതിയോടുകൂടി, ഭൂരിപക്ഷാംഗങ്ങൾ സന്നിഹിതരായതും വോട്ട് ചെയ്തതുമായ പൊതുയോഗത്തിൽ പാസ്സാക്കുന്ന ഒരു പ്രമേയം മുഖേന, നിലവിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഒന്നോ അതിലധികമോ സബ്സിഡിയറി സ്ഥാപനങ്ങളെ, അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പോഷിപ്പിക്കുന്നതിനായി രൂപീകരിക്കാവുന്നതാണ്. അപ്രകാരം രൂപീകരിക്കുന്ന ഏതൊരു സബ്സിഡിയറി സ്ഥാപനവും അതിന്റെ നിലനിൽപ്പ് ആവശ്യമാണെന്ന് സഹകരണ സംഘത്തിന്റെ പൊതുയോഗം

കരുതുന്ന കാലത്തേക്ക് മാത്രം നിലനിൽക്കുന്നതാണ്. എന്നാൽ അപ്രകാരം ഒരു സബ്സിഡിയറി സ്ഥാപനം രൂപീകരിക്കുമ്പോൾ ടി സംഘത്തിന്റെ ബിസിനസ്സിന്റെയോ, അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പോഷിപ്പിക്കുന്നതിനായി ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയോ മുഖ്യഭാഗം പ്രസ്തുത സബ്സിഡിയറി സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുവാനോ, ഏൽപ്പിക്കുവാനോ പാടുള്ളതല്ല. ഒരു സംഘം അത്തരം സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെയോ, ഡയറക്ടർ ബോർഡിനെയോ ഗവേണിംഗ് ബോഡി അംഗങ്ങളെയോ നിയന്ത്രിക്കുകയാണെങ്കിലോ, അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ഇക്വിറ്റി ഓഹരികളുടെ നാമമാത്ര മൂല്യത്തിന്റെ പകുതിയിൽ കൂടുതൽ കൈവശം വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ, ടി സ്ഥാപനത്തെ സബ്സിഡിയറി സ്ഥാപനമായി കണക്കാക്കാവുന്നതാണ്.

നിലവിലുള്ള സബ്സിഡിയറി സ്ഥാപനങ്ങളുടെ പ്രവർത്തനം സംരക്ഷിക്കുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലോ, മറ്റേതെങ്കിലും നൂതന മേഖലകളിലോ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ നിയമപ്രകാരം, സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി ലഭിക്കാതെ വരികയാണെങ്കിൽ, സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ പുതിയ സംരംഭം ആരംഭിക്കുന്നതിനും സഹായകരമാകുന്നതിനാണ് പുതിയ നിയമ വ്യവസ്ഥ കൊണ്ടുദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം മേഖലയിലുള്ള സംഘങ്ങൾക്ക് എന്തെല്ലാം നിലയിലുള്ള ഇൻസ്റ്റിറ്റ്യൂഷനുകളാണ് പ്രസ്തുത നിയമ ഭേദഗതി കൊണ്ട് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) യും സി) യും | ഇത് സംബന്ധിച്ചുള്ള ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയുണ്ടാകുന്നതാണ്. |
| സി) | സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷനുകളുടെ 49 ശതമാനം വരെയുള്ള ഓഹരി ആർക്കെല്ലാമാണ് അനുവദിക്കാവുന്നത്; ഇതര സംഘങ്ങൾക്ക് പ്രസ്തുത ഓഹരി എടുക്കാൻ അവകാശമുണ്ടോ; വിശദമാക്കാമോ; | | |
| ഡി) | നിലവിൽ എത്ര സംഘങ്ങൾക്ക് സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷനുകൾ ആരംഭിക്കാൻ രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്; പരിഗണനയിലിരിക്കുന്നവ ഏതൊക്കെയെന്നറിയിക്കുമോ? | ഡി) | പുതിയ നിയമ വ്യവസ്ഥ പ്രകാരം സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഒരു സംഘത്തിനും അനുമതി നൽകിയിട്ടില്ല. ടി നിയമപ്രകാരം സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷകളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ